**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2143** **01-09-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ഇരകൾക്ക് ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ബാധിതർക്ക് ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ലഭ്യമാക്കി വരുന്ന ചികിത്സ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് G.O(Rt) No.1186/13/H&FWD dated 02/04/2013 പ്രകാരം 17 എംപാനൽഡ് ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ നൽകി വരുന്നുണ്ട്.<br><br>2. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എല്ലാ മരുന്നുകളും സൗജന്യമായി നൽകി വരുന്നു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്നും എംപാനൽ ചെയ്ത മറ്റ് ഫാർമസികളിൽ നിന്നും വാങ്ങി എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വിതരണം ചെയ്യുന്നു.<br><br>3. എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ എൻഡോസൾഫാൻ രോഗികൾക്ക് മെഡിക്കൽ ആവശ്യങ്ങൾക്ക് സൗജന്യ യാത്ര സൗകര്യം ലഭ്യമാക്കാൻ 11 വാഹനങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>4. എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ കിടപ്പിലായ രോഗികളുടെ വീടുകളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ് എന്നിവരടങ്ങുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>5. എൻഡോസൾഫാൻ ദുരിത ബാധിതരെ അടിയന്തിരമായി ആശുപത്രിയിൽ കൊണ്ടുപോകുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിലും പനത്തടി താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രിയിലും (പൂടംകല്ല്) ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>6. എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ സേവനം നൽകുന്നതിന് സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ സാന്ത്വന ചികിത്സക്കും ഫിസിയോതെറാപ്പിയ്ക്കുമുള്ള സൗകര്യങ്ങളുണ്ടോയെന്ന് ചികിത്സാ കേന്ദ്രം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി കാസർഗോഡ്, താലൂക്കാശുപത്രി പനത്തടി, സാമൂഹ്യകാരോഗ്യ കേന്ദ്രം പെരിയ, സാമൂഹ്യകാരോഗ്യ കേന്ദ്രം മുളിയാർ, സി.എച്ച്.സി.ബദിയഡുക്ക, കൂടാതെ 11 എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിലും ഫിസിയോതെറാപ്പി സേവനം ലഭ്യമാണ്. |
| (സി) | ടാറ്റാ ഗ്രൂപ്പ് നിർമിച്ച് സംസ്ഥാന സർക്കാരിന് കൈമാറിയ ആശുപത്രി എൻഡോസൾഫാൻ ചികിത്സയ്ക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ആശുപത്രി ആരോഗ്യ വകുപ്പിന് നൽകികൊണ്ട് ഉത്തരവായെങ്കിലും കൈമാറി ലഭിച്ചിട്ടില്ല. ടാറ്റാ ആശുപത്രി നിലവിൽ കോവിഡ് ആശുപത്രി ആയിട്ടാണ് പ്രവർത്തിക്കുന്നത്. എൻഡോസൾഫാൻ രോഗികൾക്ക് ചികിൽസ നൽകുന്നതുൾപ്പെടെയുള്ള ചികിൽസാ സൗകര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |
| (ഡി) | എൻഡോസൾഫാൻ ബാധിതർക്ക് ആയുഷ്കാല ചികിത്സാ സൗകര്യങ്ങൾ കാസർഗോഡ് ജില്ലയിൽ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ വ്യക്തമാക്കാമോ; | (ഡി) | എൻഡോസൾഫാൻ രോഗികൾക്കുള്ള സൗജന്യ ചികിത്സ ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും എംപാനൽഡ് ചെയ്യപ്പെട്ട ചുവടെ ചേർക്കുന്ന17 ആശുപത്രികളിലും നൽകി വരുന്നു.<br><br>1. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം<br><br>2.ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് , തിരുവനന്തപുരം<br><br>3.ഐക്കൺസ് ഷൊർണ്ണൂർ<br><br>4.മലബാർ ക്യാൻസർ സെന്റർ തലശ്ശേരി<br><br>5.കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി<br><br>6.കണ്ണൂർ മെഡിക്കൽ കോളേജ് പരിയാരം<br><br>7.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മങ്ങാട്ടുപറമ്പ<br><br>8.ജനറൽ ആശുപത്രി തലശ്ശേരി<br><br>9.ജില്ലാ ആശുപത്രി കണ്ണൂർ<br><br>10.ജനറൽ ആശുപത്രി കാസർഗോഡ് |

| | | | |
|---|---|---|---|
| | | | 11.ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്<br><br>12.യോനോപോയ മെഡിക്കൽ കോളേജ് ആശുപത്രി മംഗലാപുരം<br><br>13.കസ്തൂർബ മണിപ്പാൽ<br><br>14.കെ.എം.സി.അംബേദ്കർ സർക്കിൾ മംഗലാപുരം<br><br>15.ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി അങ്കമാലി<br><br>16.ഗവ.ആയുർവേദ മെഡിക്കൽ കോളേജ് പരിയാരം<br><br>17.ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട് |
| (ഇ) | എൻഡോസൾഫാൻ ഇരകൾക്ക് സൗജന്യ ചികിത്സ അനുവദിച്ച എത്ര ആശുപത്രികൾ ഉണ്ടെന്നും അവ എവിടെയെല്ലാമാണുള്ളതെന്നും വ്യക്തമാക്കാമോ? | (ഇ) | എൻഡോസൾഫാൻ രോഗികൾക്കുള്ള സൗജന്യ ചികിത്സ ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും എംപാനൽഡ് ചെയ്യപ്പെട്ട ചുവടെ ചേർക്കുന്ന17 ആശുപത്രികളിലും നൽകി വരുന്നു.<br><br>1.റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം<br><br>2.ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് , തിരുവനന്തപുരം<br><br>3.ഐക്കൺസ് ഷൊർണ്ണൂർ<br><br>4.മലബാർ ക്യാൻസർ സെന്റർ തലശ്ശേരി<br><br>5.കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി<br><br>6.കണ്ണൂർ മെഡിക്കൽ കോളേജ് പരിയാരം<br><br>7.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മങ്ങാട്ടുപറമ്പ<br><br>8.ജനറൽ ആശുപത്രി തലശ്ശേരി<br><br>9.ജില്ലാ ആശുപത്രി കണ്ണൂർ<br><br>10.ജനറൽ ആശുപത്രി കാസർഗോഡ്<br><br>11.ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്<br><br>12.യോനോപോയ മെഡിക്കൽ കോളേജ് ആശുപത്രി മംഗലാപുരം<br><br>13.കസ്തൂർബ മണിപ്പാൽ<br><br>14.കെ.എം.സി.അംബേദ്കർ സർക്കിൾ മംഗലാപുരം<br><br>15.ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി അങ്കമാലി<br><br>16.ഗവ.ആയുർവേദ മെഡിക്കൽ കോളേജ് പരിയാരം |

| | | | |
|---|---|---|---|
| | | | 17.ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട് |

സെക്ഷൻ ഓഫീസർ